കുട്ടികളെ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ചില റാക്കറ്റുകൾ തന്നെ വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ അവകാശ ഉടമ്പടി 2000-ത്തിൽ ഐക്യരാഷ്ട്ര സഭ അംഗീകരിച്ചതാണ്. 2001 ഏപ്രിൽ മുതൽ ഇൻഡ്യയിൽ അതു നിയമമായി വന്നു. എന്നാൽ കേരളത്തിനകത്ത് അതു പ്രാബല്യത്തിൽ കൊണ്ടുവരാൻ ആവശ്യമായ സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല. ജുവനൈൽ ജസ്റ്റീസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2000-ത്തിലെ ജുവനൈൽ ജസ്റ്റീസ് ആക്ടും അതിനോടനുബന്ധിച്ചുള്ള ചട്ടങ്ങളും പ്രകാരം ജുവനൈൽ ജസ്റ്റീസ് ബോർഡും ചൈൽഡ് വെൽഫയർ കമ്മിറ്റികളും രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കുറച്ചു ജില്ലകളിൽ നിന്നുകൂടി അംഗങ്ങളുടെ പേരുകൾ തരേണ്ടതുണ്ട്. ബഹുമാനപ്പെട്ട ജില്ലാ ജഡ്ജിമാരാണ് അതു തരേണ്ടത്. അതു കിട്ടിക്കഴിഞ്ഞാൽ full swing-ൽ ആകും. അങ്ങനെ കിട്ടാനുള്ള ജില്ലകളിൽ നിന്ന് വേഗം കിട്ടാൻ വേണ്ടി സർക്കാർ ഹൈക്കോടതിയുടെ സഹായം തേടിയിട്ടുണ്ട്.

(10) കൊച്ചിൻ എയർപോർട്ട്-സീപോർട്ട് ഹൈവേയുടെ നിർമ്മാണം

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എയർപോർട്ട്-സീപോർട്ട് റോഡ് നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ജീവനാഡിയായി തീരാനുള്ള റോഡാണ്. ഡൽഹിയിൽ നിന്ന് നെടുമ്പാശ്ശേരിക്ക് വരുന്നതിനേക്കാൾ സമയക്കൂടുതൽ വേണം ഇന്ന് കൊച്ചിയിലെത്താൻ. ഇതിനുള്ള ഏകപരിഹാരമാണ് ഈ റോഡ്. ഇതിൽ ഇരുമ്പനം മുതൽ കളമശ്ശേരി വരെയുള്ള ഭാഗത്തിന്റെ പണി കഴിഞ്ഞു. ബാക്കിയുള്ള പണി നിർത്തിവച്ചിരിക്കുകയാണ്. നെടുമ്പാശ്ശേരി ചെങ്ങമനാട് ഭാഗത്ത് സർവ്വേ പൂർത്തിയായിക്കഴിഞ്ഞു. എങ്കിലും പണി മരവിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കർഷകർ വളരെയധികം ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്നു. ആലുവാ ഭാഗത്ത് സർവ്വേ പൂർത്തിയായിട്ടില്ല. അടിയന്തിരമായി അതിന്റെ ഫണ്ട് അനുവദിച്ച് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഈ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനുമായി 50 കോടി രൂപയും റോഡ് നിർമ്മാണത്തിന് 50 കോടി രൂപയും ഉൾപ്പെടെ 100 കോടി രൂപ ഇതിന് ആവശ്യമാണ്. ആ പണം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ ഇപ്പോൾ തേടിക്കൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിൽ 21 കോടി രൂപ ചെലവഴിച്ചു. അതിൽ എട്ടു കോടി രൂപ സി.ആർ.എഫ്.-ൽ നിന്നും അഞ്ചു കോടി രൂപ കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ വഴിയും കിൻഫ്രാ പാർക്കിൽ നിന്ന് മുന്നര കോടി രൂപയും റബ്ബർ ബോർഡിൽ നിന്നും 20 ലക്ഷം രൂപയും അങ്ങനെ 21 കോടി രൂപയിൽ 17 കോടി രൂപയും ആ വഴിയിലാണ് ഉണ്ടാക്കിയിട്ടുള്ളത്. അതുപോലുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി ഇത് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly